SJD/3684/2023-E7

I/143564/2024

"ഭരണഭാഷ – മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 08-02-2024
Email-swdkerala@gmail.com
Phone-0471–2306040

## സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ പുതിയ നിയമനം അനുവദിക്കുന്നത് വരെ നിലവിലുള്ള ജീവനക്കാരെ ദിവസ വേതനത്തിൽ തുടരുവാൻ അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 25.10.2023 തീയതിയിലെ ഇതേ നം. കത്ത്.
2. 23.01.2024 തീയതിയിലെ റിവ്യു മീറ്റിംഗ് മിനിട്ട് സ്

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മാതാപിതാക്കളുടേയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലെ ആർ.ഡി ഓഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി അവസാനിയ്ക്കുന്ന മുറയ്ക്ക് പുതിയ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സൂചന (1) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സൂചന (1) പ്രകാരമുള്ള നടപടി സ്വീകരിക്കുന്ന കാലയളവിൽ മെയിന്റനൻസ് ട്രൈബ്യൂണലിന്റെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുന്നതിനായി നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകുന്നു. സൂചന (1) കത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാർ വ്യവസ്ഥയിൽ പുതിയ നിയമനം നൽകുന്നതിനുള്ള നടപടി ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

എച്ച്.ദിനേശൻ.ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

Signed by H Dineshan
Date: 08-02-2024 17:23:21